# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370


## വാർത്താക്കുറിപ്പ്(1)

**2024 മാർച്ച് 15**

---

*ഗ്രേഡ് പോയിൻറ് 3.61*

## മഹാത്മാ ഗാന്ധി സർവകലാശാലാശാലയ്ക്ക് നാക് എ++ ഗ്രേഡ്

മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് നാഷണൽ അസസ്മെൻറ് ആൻറ് അക്രഡിറ്റേഷൻ കൗൺസിലിൻറെ (നാക്) എ++ ഗ്രേഡ്. നാലാം സൈക്കിൾ റീ അക്രഡിറ്റേഷനിൽ 3.61 ഗ്രേഡ് പോയിൻറ് നേടിയാണ് എം.ജി സർവകലാശാല രാജ്യത്തെ ഉന്നത വിദ്യാഭ്യാസ മേഖലയിലെ മികവിൻറെ കേന്ദ്രങ്ങളുടെ പട്ടികയിൽ ഇടം നേടിയത്. നാലാം സൈക്കിളിൽ എ++ ഗ്രേഡ് ലഭിക്കുന്ന സംസ്ഥാനത്തെ ആദ്യ സർവകലാശാലയാണ് എം.ജി.

വിവിധ ഘട്ടങ്ങളിലായുള്ള വിലയിരുത്തലുകൾക്കുശേഷം മാർച്ച് അഞ്ച്, ആറ്, ഏഴ് തീയതികളിൽ സർവകലാശാലയിൽ സന്ദർശനം നടത്തിയ നാക് പിയർ ടീമിൻറെ റിപ്പോർട്ടു പരിഗണിച്ചാണ് ഇന്നലെ(മാർച്ച് 15) ഇതു സംബന്ധിച്ച പ്രഖ്യാപനമുണ്ടായതെന്ന് വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ പറഞ്ഞു. മാർച്ച് 14 മുതൽ അഞ്ചു വർഷമാണ് ഗ്രേഡിൻറെ കാലാവധി.

കരിക്കുലം, അധ്യാപന-ബോധന പ്രവർത്തനങ്ങൾ, ഗവേഷണം, വിദ്യാർഥികൾക്കുള്ള പിന്തുണ, അടിസ്ഥാന സൗകര്യങ്ങൾ, ഭരണസംവിധാനം, മികച്ച മാതൃകകൾ തുടങ്ങി വിവിധ സുചകങ്ങളുടെ അടിസ്ഥാനത്തിലായിരുന്നു വിലയിരുത്തൽ. ആന്ദ്രാപ്രദേശിലെ ആദികവി നന്നയ സർവകലാശാലാ വൈസ് ചാൻസലർ ഡോ. സുരേഷ് വർമയുടെ നേതൃത്വത്തിലുള്ള നാക് പിയർ ടീം സർവകലാശാലയിലെ പ്രധാനപ്പെട്ട ഓഫീസുകൾ, പഠന വകുപ്പുകൾ, ഗവേഷണ-സംരംഭകത്വ കേന്ദ്രങ്ങൾ, ഹോസ്റ്റലുകൾ, പൊതു സംവിധാനങ്ങൾ എന്നിവ പരിശോധിച്ചു. സർവകലാശാലയുമായി ബന്ധപ്പെട്ടു നിൽക്കുന്ന വിവിധ തലങ്ങളിലുള്ളവരുമായി മുഖാമുഖം നടത്തി.

സമീപ വർഷങ്ങളിൽ പഠനം, ഗവേഷണം, സംരംഭകത്വം, മാലിന്യസംസ്കരണം, സാമൂഹ്യ പ്രവർത്തനം തുടങ്ങി മേഖലകളിൽ ഏറെ മുന്നേറാൻ സർവകലാശാലയ്ക്ക് കഴിഞ്ഞിരുന്നു. കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക പിന്തുണയോടെ വൻതോതിലുള്ള അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പാക്കാനും

സാധിച്ചു. നാക്കിൻറെ ഉയർന്ന ഗ്രേഡിംഗ് ലഭിച്ച സാഹചര്യത്തിൽ ഈ സൗകര്യങ്ങളെല്ലാം പ്രയോജനപ്പെടുത്താൻ നാട്ടിൽനിന്നും വിദേശത്തുനിന്നും കൂടുതൽ വിദ്യാർഥികൾ എം.ജി. സർവകലാശാലയിലേക്ക് എത്തുമെന്ന് പ്രതീക്ഷിക്കുന്നതായി വൈസ് ചാൻസർ പറഞ്ഞു.

സർവകലാശാലാ സമൂഹം കൂട്ടായി നടത്തിയ പരിശ്രമമാണ് ഈ നേട്ടം കൈവരിക്കുന്നതിന് സഹായകമായത്. സിൻഡിക്കേറ്റ് അംഗങ്ങൾ, സെനറ്റ് അംഗങ്ങൾ, മുൻ വൈസ് ചാൻസലർമാർ, അധ്യാപകർ, ഗവേഷകർ, ജീവനക്കാർ, വിദ്യാർഥികൾ, പൂർവ വിദ്യാർഥികൾ തുടങ്ങിയവർക്ക് നന്ദി അറിയിക്കുന്നു.

സർവകലാശാലയുടെ വളർച്ചയുടെ മികവും ന്യൂനതകളും സാധ്യതകളും തിരിച്ചറിയുന്നതിനും ആവശ്യമായ തിരുത്തലുകൾ വരുത്തി മുന്നോട്ടു പോകുന്നതിനുമുള്ള അവസരമായിരുന്നു നാക്കിൻറെ വിലയിരുത്തൽ ഘട്ടമെന്ന് ഡോ. അരവിന്ദകുമാർ കൂട്ടിച്ചേർത്തു.

..........................

വിവിധ സൂചകങ്ങളിൽ എം.ജി സർവകലാശാലയ്ക്ക് ലഭിച്ച ഗ്രേഡ് പോയിൻറ്

പാഠ്യപദ്ധതി- 3.8

പഠന ബോധന പ്രവർത്തനങ്ങൾ- 3.71

ഗവേഷണം, നൂതന ആശയങ്ങൾ, എക്സ്റ്റൻഷൻ- 3.67

അടിസ്ഥാന സൗകര്യവും പഠന സൗകര്യങ്ങൾ- 3.7

വിദ്യാർത്ഥികൾക്കുള്ള പിന്തുണ സംവിധാനം- 2.6

ഭരണനിർഹണം, നേതൃമികവ്, മാനേജ്മെൻറ് -3.66

സ്ഥാപന മൂല്യങ്ങളും മികച്ച മാതൃകകളും-3.85

(പി.ആർ.ഒ/39/249/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**